"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശ സ്വയംഭരണ വകുപ്പ് - ഒറ്റപ്പാലം ബ്ലോക്ക് പഞ്ചായത്ത് - വൃക്ക രോഗികൾക്ക് ഡയാലിസിസിന് ധനസഹായം നൽകുന്ന പ്രോജക്ട് 2025-26 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി നേരിട്ട് ഏറ്റെടുത്ത് നടപ്പാക്കുന്നതിന് അനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഡിഎ) വകുപ്പ്**

സ.ഉ.(സാധാ) നം.1847/2025/LSGD തീയതി,തിരുവനന്തപുരം, 26-07-2025

---

പരാമർശം:-

1. സ.ഉ.(കൈ) നം.115/2022/തസ്വഭവ; തീയതി 28.05.2022
2. സ.ഉ.(സാധാ)നം.424/2024/തസ്വഭവ; തീയതി 22.02.2024
3. സ.ഉ.(സാധാ)നം.1419/2024/തസ്വഭവ; തീയതി 02.08.2024
4. ഒറ്റപ്പാലം ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റിന്റെ 17.05.2025-ലെ 1430306/2025 നമ്പർ കത്തും ബ്ലോക്ക് പഞ്ചായത്ത് ഭരണസമിതിയുടെ 28.04.2025-ലെ 7(2) -ാം നമ്പർ തീരുമാനവും
5. വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോഓർഡിനേഷൻ കമ്മിറ്റിയുടെ 24.06.2025-ൽ കൂടിയ യോഗത്തിന്റെ തീരുമാനം 4.67

**<u>ഉത്തരവ്</u>**

വൃക്ക രോഗികൾക്ക് ഡയാലിസിസ് നടത്തുന്നതിനുള്ള സഹായം ആഴ്ചയിൽ 1000/- രൂപ ക്രമത്തിൽ ഒരു മാസം പരമാവധി 4000/- രൂപ ബന്ധപ്പെട്ട ആശുപത്രിക്ക് നൽകുന്ന രീതിയിൽ പ്രോജക്ട് എറ്റെടുക്കാൻ ഗ്രാമപഞ്ചായത്തുകൾക്കും നഗരഭരണസ്ഥാപനങ്ങൾക്കുമാണ് പരാമർശം 1 മാർഗ്ഗരേഖ പ്രകാരം അനുമതി നൽകിയിട്ടുള്ളത്. ഒറ്റപ്പാലം ബ്ലോക്ക് പഞ്ചായത്ത് ഡയാലിസിസ് ആവശ്യമുള്ള രോഗികൾക്ക് 2022-23-ൽ ധനസഹായം നൽകാൻ നേരിട്ട് പദ്ധതി ഏറ്റെടുത്തതിന് സാധൂകരണം നൽകിയും, 2023-24-ൽ മേൽ പ്രോജക്ട് നടപ്പാക്കാൻ അനുമതി നൽകിയും പരാമർശം 2 ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളതാണ്. 2024-25 വാർഷിക പദ്ധതിയിൽ പ്രസ്തുത പ്രൊജക്റ്റ് നടപ്പാക്കുന്നതിന് പരാമർശം 3 പ്രകാരവും അനുമതി നൽകിയിട്ടുള്ളതാണ്. ഒറ്റപ്പാലം താലൂക്ക് ആശുപത്രിയിൽ ഡയാലിസിസ് യൂണിറ്റുണ്ട് എന്നതു പരിഗണിച്ചാണ് മേൽ പ്രകാരം അനുമതി നൽകിയിട്ടുള്ളത്.

2. ഒറ്റപ്പാലം ബ്ലോക്ക് പഞ്ചായത്തിന്റെ നേരിട്ട് വൃക്കരോഗികൾക്ക് ധനസഹായം നൽകുന്നതിനുള്ള പ്രോജക്ട് പ്രകാരം കഴിഞ്ഞ മൂന്ന് വർഷങ്ങളിലായി ഇതുവരെ 120 രോഗികൾക്ക് ധനസഹായം നൽകിയിട്ടുണ്ട് എന്നും, ഗ്രാമപഞ്ചായത്തുകളിൽ നിന്നും ലഭിക്കുന്ന ലിസ്റ്റ് അനുസരിച്ചാണ് ധനസഹായം നൽകുന്നത് എന്നും, ബ്ലോക്ക് പഞ്ചായത്ത് നേരിട്ട് ധനസഹായം നൽകുന്ന പ്രോജക്ട് 2025-26 വർഷവും തുടർന്നുള്ള വർഷവും നടപ്പാക്കാൻ

അനുമതി നൽകണമെന്നും ഒറ്റപ്പാലം ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് പരാമർശം 4 പ്രകാരം ആവശ്യപ്പെട്ടിട്ടുണ്ട്.

3. പരാമർശിത യോഗതീരുമാനത്തിന്റെ അടിസ്ഥാനത്തിൽ സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. മുൻവർഷങ്ങളിലും ബ്ലോക്ക് പഞ്ചായത്ത് ഡയാലിസിസിനു ധനസഹായം നൽകുന്ന പ്രോജക്ട് നേരിട്ട് നടപ്പാക്കിയിരുന്നു എന്നതിനാൽ 2025-26 വർഷവും ബ്ലോക്ക് പഞ്ചായത്ത് മുഖേന പ്രസ്തുത പ്രോജക്ട് നടപ്പാക്കാൻ ഒറ്റപ്പാലം ബ്ലോക്ക് പഞ്ചായത്തിന് അനുമതി നൽകി ഉത്തരവാകുന്നു. ധനസഹായം ആശുപത്രിക്ക് നേരിട്ടാണ് നൽകേണ്ടത്. പരാമർശം 3ൽ നിർദ്ദേശിച്ചതു പോലെ ജില്ല/ഗ്രാമപഞ്ചായത്ത് വിഹിതം ബ്ലോക്ക് പഞ്ചായത്തിനു ലഭിച്ചാൽ ഇതു കൂടി ഉൾപ്പെടുത്തി വേണം ധനസഹായം നൽകേണ്ടത്. ഒപ്പം മാർഗ്ഗരേഖ പ്രകാരമുള്ള മറ്റു മാനദണ്ഡങ്ങളും പാലിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ദീപ റ്റി വി
ജോയിന്റ് സെക്രട്ടറി

1. പ്രസിഡന്റ്/സെക്രട്ടറി, ഒറ്റപ്പാലം ബ്ലോക്ക് പഞ്ചായത്ത്, പാലക്കാട്
2. പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്
3. ഡയറക്ടർ-റൂറൽ, തദ്ദേശ സ്വയംഭരണ വകുപ്പ്
4. ജില്ലാ പ്ലാനിംഗ് ഓഫീസർ, പാലക്കാട്
5. ജോയിന്റ് ഡയറക്ടർ (തദ്ദേശ സ്വയംഭരണ വകുപ്പ്), പാലക്കാട്
6. ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
7. ചെയർമാൻ, സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്
8. ഡയറക്ടർ ജനറൽ, കില
9. എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ
10. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്) കേരള, തിരുവനന്തപുരം
11. കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by
Viraj K
Date: 26-07-2025 16:09:27

സെക്ഷൻ ഓഫീസർ